ഉത്തരം

(എ) 14 പേർ.

(ബി) ഉണ്ട്.

(സി) ഫിഷറീസ് വകുപ്പ് വാടകയ്ക്കെടുത്ത ബോട്ടുകൾ ഉപയോഗിച്ച് തെരച്ചിൽ നടത്തുകയും പരിശീലനം ലഭിച്ച ലൈഫ് ഗാർഡുകളുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കാലാവസ്ഥ മുന്നറിയിപ്പ് ലഭിക്കുമ്പോൾ തന്നെ മറൈൻ എൻഫോഴ്സ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷൻ അധികൃതരേയും ആലപ്പുഴ, തൃശൂർ, മലപ്പുറം, കാസർകോട് എന്നീ തീരദേശ ജില്ലാ ഓഫീസർമാരേയും അറിയിക്കുകയും അവിടെ നിന്ന് ദിനപത്രങ്ങൾ വഴിയും മറ്റ് ദൃശ്യമാധ്യമങ്ങളിലൂടെയും പ്രചാരണം നടത്തി ബോധവൽക്കരണവും നടത്തി വരുന്നു.

(ഡി) ഏകദേശം 49 കോടിയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ഇ) സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഉണ്ട്. മത്സ്യബന്ധനത്തിന് പോയി കടൽക്ഷോഭം കൊണ്ട് കാണാതാകുന്നവരുടെ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് 25000 രൂപയുടെ ധനസഹായം നൽകുന്നതിന് തീരുമാനം ആയിട്ടുണ്ട്.

ജീവഹാനി സംഭവിക്കുന്ന മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം

110 [1089] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രകൃതി ക്ഷോഭങ്ങളിൽപ്പെട്ട് എത്ര മത്സ്യത്തൊഴിലാളികൾ മരിക്കാനിടയായി എന്നും, എത്ര മൃതദേഹങ്ങൾ കിട്ടിയിട്ടുണ്ട് എന്നും കിട്ടാനുള്ള മൃതദേഹങ്ങൾ ആരുടേതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഇവരുടെ കുടുംബങ്ങൾക്ക് എന്ത് സാമ്പത്തിക സഹായമാണ് നൽകിയിട്ടുള്ളത്;

(സി) ഈ തുക വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ച എത്ര മത്സ്യത്തൊഴിലാളികൾ സാമ്പത്തിക സഹായത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എത്ര പേർക്ക് ധനസഹായം നൽകി എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടലിൽ മത്സ്യബന്ധനത്തിനുപോയി അപകടത്തിൽപെട്ട് 81 പേർ മരിക്കുകയും അവരുടെ മൃതദേഹങ്ങൾ കണ്ടുകിട്ടുകയും ചെയ്തു. മത്സ്യബന്ധനത്തിനുപോയ 20 മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്. ഇവരെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അവരുടെ പേരു വിവരം താഴെക്കൊടുക്കുന്നു:

1. രവി, അമ്പല തെക്കേതിൽ, പുതുക്കാട് പി. ഒ.
2. രാജു, കല്പാണ്ടി നാടാർ, പനയോല വ്യാപാരി, തെക്കാകാശി, തിരുനെൽവേലി.
3. ഷൺമുഖം, പുത്തൻ പറമ്പിൽ വീട്, കോട്ടപ്പുറം, ക്ലാപ്പന.
4. ഹൃദയരാജ്, കടപ്പുറം പുറമ്പോക്ക്, മുനാക്കൽ.
5. രവീന്ദ്രൻ, രവീന്ദ്രാ ഭവൻ, നീണ്ടകര.
6. ആന്റണി, കൈപ്പറമ്പ്, കണ്ണപാളി.
7. അഷറഫ് എന്ന കുഞ്ഞമ്പു, തൈക്കടപ്പുറം, ചാലിയം.
8. ജ്യോതി, കോപ്പയിൽ വീട്ടിൽ, കാമ്പുറം, കോഴിക്കോട്.
9. വിജയൻ, ഏലിയാസിന്റെ മകൻ, കുളച്ചൽ.
10. ലേലടിമയുടെ മകൻ മേരിജോൺ.
11. നസറീൻ മകൻ സഹരാജൻ, കുളച്ചൽ.
12. ടി. മുഹമ്മദ് ഇക്ബാൽ, കോട്ടക് വീട്, കണ്ണൂർ.
13. കെ. ടി. എം. ഡേവിഡ്, വടക്കേ കോട്ടം, പുറംകുളം, പുല്ലുവിള, തിരുവനന്തപുരം.
14. ഉമ്മർ, ഹാജിയരെ പുരയിൽ, കൂട്ടായി നോർത്ത്, തിരൂർ.
15. പി. വി. സെയ്ത്, പള്ളിവള്ളത്തിൽ ഹൗസ്, ബീച്ച് റോഡ്, കണ്ണൂർ.
16. കെ. ബി. കോയ, സുവിത കോട്ടേഴ്സ്, ഊളൻചിറവാലാൻ, തലശ്ശേരി.
17. കെ. കെ. പ്രമോദ്, കോട്ടകുന്നുമ്മേൽ ഹൗസ്, അഴീക്കൽ, ന്യൂമാഹി.
18. ആൽബർട്ട് റിച്ചാർഡ്, അയവിളാകം പുരയിടം, വലിയതുറ, വള്ളക്കാവ്, തിരുവനന്തപുരം.
19. ഷബീർ, ചിത്രക്കകത്ത് വീട്, കോട്ടപ്പുറം, കണ്ണൂർ.
20. പ്രശാന്ത്, വലിയപറമ്പ്, മാവിലക്കടപ്പുറം.

(ബി) 27 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം ഇൻഷ്വറൻസ് തുകയും 19 പേരുടെ ആശ്രിതർക്ക് 5000 രൂപവീതം ക്ഷേമനിധി ബോർഡിൽ നിന്ന് അടിയന്തിര ധനസഹായവും നൽകിയിട്ടുണ്ട്.

(സി) വർദ്ധന തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മത്സ്യത്തൊഴിലാളികൾ സാമ്പത്തിക സഹായത്തിനായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവരിൽ ഒരാൾക്ക് ചെയർമാൻസ് റിലീഫ് ഫണ്ടിൽ നിന്നു 1000 രൂപ അടിയന്തിര സഹായം നൽകിയിട്ടുണ്ട്. അപേക്ഷകർക്ക് ഇൻഷ്വറൻസ് പദ്ധതി പ്രകാരം തുക അനുവദിക്കുന്ന മുറയ്ക്ക് സഹായധനം നൽകുന്നതാണ്.

മത്സ്യബന്ധനത്തിനുപോയ മത്സ്യത്തൊഴിലാളികളുടെ മരണവും മത്സ്യബന്ധന ഉപകരണങ്ങളുടെ നഷ്ടവും

111 [1090] ശ്രീ. ടി. എൻ. പ്രതാപൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മേയ്, ജൂൺ മാസങ്ങളിൽ മഴക്കാലത്ത് കടലിൽ മത്സ്യബന്ധനത്തിനു പോയ എത്രപേർ മരണപ്പെട്ടു;

(ബി) എത്രപേരെ കാണാതായി; കാണാതായവരെ പിന്നീട് കണ്ടെത്തിയോ;

(സി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്ത് ആശ്വാസം നൽകിയെന്നും മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് എന്ത് സഹായം നൽകി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തുപേർ മരണപ്പെട്ടു.

(ബി) 10 പേരെ കാണാതായി ഇതുവരെ കണ്ടെത്തിയിട്ടില്ല.

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകും. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് മത്സ്യഫെഡ് വഴി സഹായം നൽകുന്നുണ്ട്.

കാലവർഷക്കെടുതിമൂലം കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

112 [1091] ശ്രീ. വി. ജെ. പൗലോസ്:
„ എം. എ. ചന്ദ്രശേഖരൻ:
„ അടൂർ പ്രകാശ്:
„ പി. ടി. തോമസ്:
„ എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കാലവർഷക്കെടുതി മൂലം കഷ്ടതയനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly